കേരള സർക്കാർ

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിരാ ആവാസ് യോജന – തറ വിസ്തീർണ്ണം പരമാവധി 66 m2 ൽ നിന്നും 25% വരെ അധികരിക്കുന്നത് അംഗീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ(കൈ) നം. 2008 /2016/തസ്വഭവ തിരുവനന്തപുരം, തീയതി, 28.06.2016

---

പരാമർശം: 1. സ.ഉ.(സാധാ) നം. 333/2013/തസ്വഭവ. തീയതി 06-02-2013
2. സ.ഉ.(സാധാ) നം. 3186/14/തസ്വഭവ. തീയതി 03-12-2014

**ഉത്തരവ്**

ഇന്ദിരാ ആവാസ് യോജന പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ള തറ വിസ്തീർണ്ണം പരാമർശം (1) പ്രകാരം 66 ചതുരശ്ര മീറ്ററായി വർദ്ധിപ്പിച്ചിരുന്നു. തറ വിസ്തീർണ്ണം 66 ച.മീറ്ററിലും അധികരിച്ച എന്ന കാരണത്താൽ പല ഗുണഭോക്താക്കൾക്കും ബ്ലോക്ക് പഞ്ചായത്തിൽനിന്നും പണം ലഭിക്കാത്ത അവസ്ഥ സംജാതമായ അവസരത്തിൽ 2013-14 വർഷം വരെ എഗ്രിമെന്റ് വച്ച് വീടുപണി പൂർത്തീകരിച്ചതും തറ വിസ്തീർണ്ണം 66 ചതുരശ്ര മീറ്ററിലും അധികരിച്ചതുമായ ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കളായ കുടുംബങ്ങൾക്ക് പരമാവധി 66 ചതുരശ്ര മീറ്ററിൽനിന്നും 25% അധികരിക്കാമെന്ന നിബന്ധനയ്ക്ക് വിധേയമായി ശേഷിക്കുന്ന മുഴുവൻ തുകയും അനുവദിച്ച നൽകുവാൻ പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (2)-ലെ ഉത്തരവിൽ പറഞ്ഞിരിക്കുന്ന കാലയളവിന് ശേഷം എഗ്രിമെന്റ് വച്ച് വീടുപണി പൂർത്തിയാക്കിയവർക്ക് തറ വിസ്തീർണ്ണം കൂടി എന്ന കാരണത്താൽ തുടർ ഗഡുക്കൾ ലഭിക്കുന്നില്ല എന്ന് പരാതിപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2013-14 വർഷം വരെ എഗ്രിമെന്റ് വച്ച് വീടുപണി പൂർത്തീകരിച്ചതും തറ വിസ്തീർണ്ണം 66 ചതുരശ്ര മീറ്ററിലും അധികരിച്ചതുമായ ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കളായ കുടുംബങ്ങൾക്ക് പരമാവധി 66 ചതുരശ്ര മീറ്ററിൽനിന്നും 25% അധികരിക്കാമെന്ന നിബന്ധനയ്ക്ക് വിധേയമായി ശേഷിക്കുന്ന മുഴുവൻ തുകയും അനുവദിച്ച നൽകാമെന്ന പരാമർശം (2)-ലെ ഉത്തരവ് 31.03.2016 വരെ എഗ്രിമെന്റ് വച്ച ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കൾക്കും കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ബി.എസ്. പാവനകുമാരി
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ